LIBRARY ARCHIVES Kerala Legislative Assembly

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ പുനരുദ്ധാരണം

**168 (3942)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗഗ്രസ്തമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം ശ്രേണിയിലുള്ള വ്യവസായങ്ങളെ പുനരുദ്ധരിക്കാനുള്ള എസ്.യു.ആർ.പി.-എസ്.ഐ.സി.ഐ.സി.-യൂണിറ്റ് റിവൈവൽ പ്രോഗ്രാം വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുവാൻ പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ, അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

### ഉത്തരം

(എ&ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ ഇടയിൽ ചില യൂണിറ്റുകളിൽ പ്രവർത്തന മന്ദത കണ്ടുവരുന്നുണ്ട്. ഇത്തരം പീഡിത സംരംഭങ്ങളെ പുനഃരുദ്ധരിക്കുന്നതിന് ഒരു പദ്ധതി 25-8-2005-ലെ സ.ഉ.(അച്ചടി)നമ്പർ.115/2005/ വ്യവ. പ്രകാരം നിലവിലുണ്ട്. എന്നാൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ 1-11-2012-ൽ പീഡിത യൂണിറ്റുകളെ സംബന്ധിച്ച് പുതിയ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന് അനുസൃതമായി ഉത്തരവ് പരിഷ്ക്കരിക്കേണ്ടതുണ്ട്.

## ഉത്പാദന മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

**169 (3943)** ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉത്പാദന മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയെണ്ണമാണ് ;

(ബി) മുൻസർക്കാരിന്റെ കാലത്ത് എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു ; എത്രയെണ്ണം നഷ്ടത്തിലായിരുന്നു ; ഇതിൽ എന്തുമാറ്റമാണ് കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഉണ്ടായതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിലുള്ള 37 പൊതുമേഖലാ സ്ഥാപനങ്ങൾ ഉത്പാദന മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് 2010-11 സാമ്പത്തിക വർഷം വ്യവസായ വകുപ്പിനുകീഴിലുള്ള 44 പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങൾ ലാഭത്തിലും 21 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചിരുന്നു. 2011-12 സാമ്പത്തിക വർഷം വ്യവസായ വകുപ്പിനുകീഴിലുള്ള 18 സ്ഥാപനങ്ങൾ ലാഭത്തിലും 26 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചിരുന്നു. 2012-13 കാലയളവിൽ വ്യവസായ വകുപ്പിനുകീഴിലുള്ള 19 സ്ഥാപനങ്ങൾ ലാഭത്തിലും 25 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചിരുന്നു. മുകളിൽ സൂചിപ്പിച്ചിട്ടുള്ള കണക്കുകൾ ആഡിറ്റ് കഴിയുമ്പോൾ മാറ്റം വരാവുന്നതാണ്.